ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം നിശ്ചിത സമയ പരിധിക്കകം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മുൻനിരക്കാരായി മാറ്റുക എന്നതാണ്. വിവിധ വിഷയങ്ങളിൽ കുട്ടികൾക്കുള്ള ഗ്രാഹ്യക്കുറവ് പരിഹരിക്കുന്നതിനാണ് മുൻതൂക്കം നൽകുന്നത്.

2025-'26 അക്കാദമിക വർഷത്തിൽ കുട്ടികളുടെ എണ്ണം

വിഭാഗം	1		2		3		4	
	B	G	B	G	B	G	B	G
കുട്ടികളുടെ എണ്ണം								

ആകെ

പ്രീ-പ്രൈമറി വിഭാഗം	B	G	T
കുട്ടികളുടെ എണ്ണം			

GRAND TOTAL

B	G	T

അധ്യാപകരുടെ എണ്ണം

I	II	III	IV

Total -

പൊതുലക്ഷ്യങ്ങൾ

* കുട്ടികളുടെ അടിസ്ഥാനശേഷികളായ എഴുത്ത്, വായന, ഗണിതം എന്നിവ എല്ലാ വിദ്യാർത്ഥികളും കൈവരിക്കുക എന്ന ലക്ഷ്യത്തോടെ അധികസമയപ്രവർത്തനങ്ങൾ നടപ്പിലാക്കും.

* എല്ലാ കുട്ടികളും വായനയിൽ സ്വയം പര്യാപ്തരാകണം. ഓരോ ക്ലാസ്സിന്റെയും നിലവാരമനുസരിച്ച് തെറ്റുകൂടാതെ ഭംഗിയായി വായിക്കാൻ പ്രാപ്തരാകണം എന്നത് ഞങ്ങളുടെ ലക്ഷ്യമാണ്.

* I C T സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനം കൂടുതൽ എളുപ്പവും രസകരവുമാക്കും.

* പഠനസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭവനസന്ദർശനങ്ങൾ നടത്തി അതിലൂടെ ഓരോ കുട്ടിയുടെയും ജീവിതസാഹചര്യങ്ങൾ കണ്ടറിഞ്ഞ് ആവശ്യമായ പിന്തുണയും ബോധവത്ക്കരണവും P. T A സഹായത്തോടെ നടപ്പിലാക്കുന്നതാണ്.

* അടുക്കളത്തോട്ടം കൂടുതൽ വിപുലമായ രീതിയിൽ നടപ്പിലാക്കുവാനും ലക്ഷ്യമിടുന്നു.

* സ്കൂൾ വളപ്പിൽ വൈവിധ്യങ്ങളായ ധാരാളം വൃക്ഷങ്ങൾ ഉണ്ട്. പ്രകൃതിയോടു ചേർന്നുള്ള പഠനത്തിനായി ഈ ജൈവവൈവിധ്യം

പ്രയോജനപ്പെടുത്തുകയെന്നതും ഞങ്ങളുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

* കുട്ടികളുടെ സവിശേഷവാസനകൾ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയെന്ന വലിയൊരു ലക്ഷ്യവും ഞങ്ങൾക്കു മുന്നിലുണ്ട്.

* വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിക്കും സമഗ്രമായ ഗുണമേന്മ ഉറപ്പുവരുത്തുക.

* നിരന്തരമൂല്യനിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കുട്ടികൾക്കുള്ള പഠനസാമഗ്രികൾ P. T A സഹകരണത്തോടെ തയ്യാറാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു.

* സമൂഹമാധ്യമങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനും ഉദ്ദേശിക്കുന്നു.

* കായികാരോഗ്യ വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച 'Healthy Kids' പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ലക്ഷ്യം വയ്ക്കുന്നു.

* കായികപ്രവർത്തനങ്ങളോടൊപ്പം തന്നെ മെച്ചപ്പെട്ട ആരോഗ്യശീലങ്ങൾ പാലിക്കേണ്ടതും

ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. ഇതിനായി ആരോഗ്യരംഗത്തെ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തും.

* സ്കൂൾ പ്രവർത്തനങ്ങളിൽ സമീപത്തെ ഉന്നതവിദ്യാഭ്യാസസ്ഥാപനത്തിലെ വിവിധ സംഘടനകളിൽ അംഗങ്ങളായ കുട്ടികളെയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിവിധ programme കൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

* അധികസമയം കണ്ടെത്തി spoken English class സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

* കുട്ടികളിൽ സാമൂഹികപ്രതിബദ്ധത വളർത്തുന്നതിനായി പ്രദേശത്തെ സന്നദ്ധപ്രവർത്തകരുമായിച്ചേർന്ന് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിനായി നടത്തുന്ന പ്രവർത്തനങ്ങളിൽ കുട്ടികളെയും പങ്കാളികളാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു.

* ആഴ്ചയിലൊരു നിശ്ചിതസമയം കണ്ടെത്തി കുട്ടികളിൽ സന്മാർഗ്ഗബോധം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

* സർക്കാരിന്റെ ഉച്ചഭക്ഷണപദ്ധതിയോടൊപ്പം തന്നെ അദ്ധ്യാപകരുടെയും താത്പര്യമുള്ള രക്ഷിതാക്കളുടെയും സാമ്പത്തികസഹായത്തോടെ വിശേഷാവസരങ്ങളിൽ വിപുലമായ ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

അക്കാദമിക പ്രവർത്തനങ്ങൾ

പരിസരത്തുള്ള നിർധന വിദ്യാർത്ഥികളുടെ ഉന്നമനമാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. സാധാരണ കുടുംബത്തിലെ കുട്ടികളാണ് ഇവിടെ പഠനം നടത്തുന്നവരെല്ലാംതന്നെ. വീട്ടിൽ നിന്നുമുള്ള പഠന പിന്തുണ വളരെക്കുറവാണ്. അതുകൊണ്ടുതന്നെ സ്കൂൾതലത്തിൽ വിവിധ അക്കാദമിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ എല്ലാ വിദ്യാർത്ഥികൾക്കും അവസരം നൽകാൻ വളരെയധികം ശ്രദ്ധിക്കുന്നുണ്ട്. അതിന്റെ ഫലമായി മിക്ക വിദ്യാർത്ഥികളും പഠനത്തിൽ മുന്നോക്കം നിൽക്കുന്നുമുണ്ട്. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നു.

പഠനോപകരണശില്പശാലകൾ

എല്ലാ ക്ലാസ്സിലെയും പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് പഠനോപകരണശില്പശാല രക്ഷിതാക്കളുടെ സഹകരണത്തോടെ നടത്തുന്നതിന് ലക്ഷ്യമിടുന്നു. ഇതുവഴി രക്ഷിതാക്കളുടെ സഹകരണവും പഠനപ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തുന്നതിനും കുട്ടികളിൽ പഠനനേട്ടം കൈവരിക്കുന്നതിനും സാധിക്കും.

റീഡേഴ്സ് തീയറ്റർ

തീയറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു. വർഷാവസാനം, കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും സഹായത്തോടെ അവതരിപ്പിക്കാൻ അവസരമൊരുക്കും.

ശാസ്ത്രാവബോധം വളർത്തൽ

ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാനായി എല്ലാ കുട്ടികൾക്കും അവസരം നൽകുന്നതു വഴി, ശാസ്ത്രാഭിരുചി വളർത്തുന്നതിനുള്ള അവസരം ഒരുക്കുന്നതാണ്

അമ്മ ലൈബ്രറി

വിദ്യാർത്ഥികളിൽ വായന പരിപോഷിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു. അതിനായി രക്ഷിതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് ലൈബ്രറി പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നു. 1, 2 . ക്ലാസുകളിൽ അമ്മ വായിച്ച കഥകൾ കേട്ട് കുട്ടികൾ സ്വന്തമായി കഥ അവതരിപ്പിക്കുന്നു. അധ്യയന വർഷം അവസാനിക്കുമ്പോൾ

3,4 ക്ലാസുകളിൽ കുട്ടികൾ സ്വയം വായിച്ച് കുറിപ്പുകൾ തയ്യാറാക്കുക എന്നതാണ് ലക്ഷ്യം.

ടാലന്റ് ലാബ് / ക്ലബ്ബ് പ്രവർത്തനങ്ങൾ

കുട്ടികളുടെ സവിശേഷ കഴിവുകൾ വികസിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കുട്ടികളുടെ കലാ കായിക വാസനകൾ വളർത്താനാവശ്യമായ പ്രവർത്തനങ്ങൾ എല്ലാ ക്ലാസുകളിലെയും ടൈം ടേബിളിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പരിസ്ഥിതി ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യവേദി തുടങ്ങി നിരവധി ക്ലബ്ബ് പ്രവർത്തനങ്ങൾ അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമാണ്.

തടസ്സങ്ങൾ / ബുദ്ധിമുട്ടുകൾ / പരിമിതികൾ

എല്ലാ ക്ലാസുകളിലും വൈറ്റ് ബോർഡുകൾ ഇല്ലാത്തതിനാൽ I.C.T യിലൂടെ ക്ലാസ് നടത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതു പോലെ ക്ലാസുകളിൽ സ്പീക്കറുകൾ അത്യാവശ്യമാണ്. ക്ലാസ്മുറികൾ വേർതിരിച്ച് അല്ലാത്തതിനാൽ പലപ്പോഴും കവിത പോലുള്ളവ കൃത്യമായി കുട്ടികളിൽ എത്തിക്കാൻ സാധിക്കാത്തത് ഒരു പരിമിതിയാണ്

പ്രവർത്തനങ്ങൾ - കാലയളവ്

ഹ്രസ്വകാല പ്രവർത്തനങ്ങൾ	ദീർഘകാല പ്രവർത്തനങ്ങൾ
അടിസ്ഥാന ശേഷി വികസനം	വാതിൽപ്പുറ പഠനം
വായന, എഴുത്ത്, ഗണിതം എന്നിവയിലെ ശേഷികൾ കൈവരിക്കൽ.	ജൈവവൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്തി പ്രകൃതിയെ സ്നേഹിപ്പിക്കുന്ന പഠനരീതി.
പഠനോപകരണ ശില്പശാലകൾ	അമ്മ ലൈബ്രറി
പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കൽ.	ലൈബ്രറി പ്രവർത്തനം രക്ഷിതാക്കൾക്കും.
ടാലന്റ് ലാബ് / ക്ലബ് പ്രവർത്തനങ്ങൾ	സൈബർ സുരക്ഷ / ഹെൽത്തി കിഡ്സ്
വിശേഷ വാസനകൾ കണ്ടെത്തി വികസിപ്പിക്കൽ	സമൂഹ മാധ്യമങ്ങൾ സുരക്ഷിതമായും ഫലപ്രദമായും ഉപയോഗപ്പെടുത്തുക. കായിക ശേഷി വളർത്തുക - അതുവഴി ആരോഗ്യകരമായ ജീവിതം.
ഗണിതമൂല / വായനാമൂല / Spoken English.	ഭവന സന്ദർശനം
സ്വന്തം വായനക്കാരനാക്കുക. ഗണിത പഠനം ആനന്ദകരമാക്കുക. ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയം സാധ്യമാക്കുക.	പഠനസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുക.